13681
22/12/14

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - നിർഭയ സെല്ലിലെ ഔദ്യോഗിക ആവശ്യങ്ങൾക്ക് വാഹനം വാടകയ്ക്ക് എടുത്തുപയോഗിച്ച നടപടിയ്ക്ക് സാധൂകരണവും തുടർന്ന് വാഹനം വാടകയ്ക്ക് എടുക്കുന്നതിന് അനുമതിയും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ(സാധാ) നം.741/2014/സാനീവ തീയതി, തിരുവനന്തപുരം 12.12 .2014

---

പരാമർശം : സാമൂഹ്യനീതി ഡയറക്ടറുടെ 28/11/2013 - ലെയും 30/10/2014 - ലെയും സി 3 -10649/13 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

നിർഭയ സെല്ലിന്റെ ഔദ്യോഗികാവശ്യങ്ങൾക്കായി ഒരു വാഹനം പ്രതിമാസം 2000 കിലോമീറ്ററിന് 20,000/- രൂപയും അധികരിച്ചു വരുന്ന ഓരോ കിലോമീറ്ററിനും 10/- രൂപ നിരക്കിലും വാടകയ്ക്ക് എടുത്തുപയോഗിച്ച നടപടിയ്ക്കും ടി ആവശ്യത്തിലേയ്ക്കുള്ള ചെലവ് സാമൂഹ്യനീതി ഡയറക്ടറുടെ പേരിൽ തുരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ട് നമ്പർ 14907 ൽ നിന്നും ചെലവഴിച്ച നടപടിയ്ക്കും സാധൂകരണം നൽകണമെന്ന് പരാമർശ കത്ത് പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു. കൂടാതെ തുടർന്നും നിർഭയ സെല്ലിൽ കരാർ അടിസ്ഥാനത്തിൽ ഒരു വാഹനം ഉപയോഗിക്കുന്നതിനുള്ള അനുമതി നൽകണമെന്നും സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭാവിയിൽ ഇത്തരത്തിലുള്ള ചട്ടവിരുദ്ധമായ നടപടികൾ ശ്രദ്ധയിൽപ്പെടുന്നപക്ഷം കർശനമായ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണെന്ന താക്കീതോടെ നിർഭയ സെല്ലിനായി പ്രതിമാസം 2000 കിലോമീറ്ററിന് 20,000/- രൂപയും അധികരിച്ചു വരുന്ന ഓരോ കിലോമീറ്ററിനും 10/- രൂപ നിരക്കിലും വാഹനം വാടകയ്ക്ക് എടുക്കുന്നതിന് അനുമതി നൽകിയ സാമൂഹ്യനീതി ഡയറക്ടറുടെ നടപടി സാധൂകരിച്ചും തുടർന്നും നിർഭയ സെല്ലിന്റെ ഔദ്യോഗികാവശ്യങ്ങൾക്കായി പരമാവധി 25,000/- രൂപ പ്രതിമാസം പരിധി നിശ്ചയിച്ച് ടെൻഡർ നടപടിക്രമങ്ങൾ പാലിച്ച് വാഹനം വാടകയ്ക്ക് എടുക്കുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**ലീലാമണി. കെ.എം**
**അഡീഷണൽ സെക്രട്ടറി**

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എആൻറ്ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (അനൗദ്യോഗിക കുറിപ്പ് നമ്പർ.94405/WW3/14/Fin.തീയതി, 27/11/2014 പ്രകാരം)
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
**കരുതൽ ഫയൽ , ഓഫീസ് പകർപ്പ്.**

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**